**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — തൊടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബി. സരോജാക്ഷൻ പിള്ള സമർപ്പിച്ച പുന:പരിശോധനാ ഹർജി — തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3251/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 09.10.2017

---

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.03.2014-ലെ ഇ 2 (എസ് സി 64/2013/കെഎൽഎം) 29354/2013 നമ്പർ കത്ത്

2. സർക്കാരിന്റെ 06.06.2014-ലെ 31580/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം

3. സ.ഉ. (സാധാ) നം.702/2017/തസ്വഭവ തീയതി 15.03.2017

4. ശ്രീ. ബി. സരോജാക്ഷൻ പിള്ള 22.04.2017-ൽ സമർപ്പിച്ച പുന:പരിശോധനാ ഹർജി

**ഉത്തരവ്**

പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ബി. സരോജാക്ഷൻ പിള്ളയ്ക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിച്ചില്ല, കെട്ടിട നമ്പർ അനുവദിക്കുന്നതിൽ കാലതാമസം വരുത്തി, ഇ.എം.എസ്. ഭവന വായ്പ പദ്ധതി പ്രകാരം ചട്ടവിരുദ്ധമായി സാമ്പത്തിക സഹായം കൈപ്പറ്റിയ 3 സ്വകാര്യ വ്യക്തികളിൽനിന്ന് തുക തിരികെ ഈടാക്കുന്നതിൽ വീഴ്ച വരുത്തി എന്നീ കുറ്റങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടികൾ ആരംഭിക്കുകയും ടിയാന്റെ 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തോടെയല്ലാതെ 3 വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. മേൽ ഉത്തരവിനെതിരെ ശ്രീ. സരോജാക്ഷൻ പിള്ള പരാമർശം (4) പ്രകാരം സമർപ്പിച്ച റിവ്യൂ ഹർജിയിൽ ടിയാളെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ടു.

അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിച്ചില്ല എന്ന ആരോപണം സംബന്ധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ചിട്ടുള്ള 100 സ്ക്വയർ മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്, വാട്ടർ കണക്ഷൻ, തിരിച്ചറിയൽ കാർഡ് എന്നിവ ലഭിക്കുന്നതിനായി താല്ക്കാലിക നമ്പർ നല്കുന്നതിനായി 04.06.2012-ൽ സ.ഉ. (എം.എസ്.)149/12/ തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ടി ഉത്തരവിൽ നമ്പർ അനുവദിച്ച് കഴിഞ്ഞാൽ അനധികൃതമായി നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ പൊളിച്ച് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. മേൽ കാലയളവിനുള്ളിൽ പെരിനാട് ഗ്രാമപഞ്ചായത്തിലെ ഇരുപത് വാർഡുകളിലായി 100 സ്ക്വയർ മീറ്ററിൽ താഴെയുള്ള 21 വീടുകൾക്ക് താൻ താല്ക്കാലിക നമ്പർ അനുവദിച്ച് നൽകിയിരുന്നുവെന്നും ടി വീടുകളെല്ലാംതന്നെ 100 സ്ക്വയർ മീറ്ററിൽ താഴെ വലുപ്പമുള്ളവയും, ചെറു പ്ലോട്ടുകളിൽ നിർമ്മിച്ചിട്ടുള്ളവയോ, മതിയായ അകലം പാലിച്ചിട്ടില്ലാത്തവയോ,

തണ്ണീർത്തട സംരക്ഷണ നിയമം പാലിച്ചിട്ടില്ലാത്തവയോ ആയ കുടിലുകളും സാധാരണക്കാരുടെ വീട്ടുകളും ആണെന്നും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 220 (ബി), തീരദേശ സംരക്ഷണ നിയമം എന്നിവ ലംഘിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ഒന്നും തന്നെയില്ലെന്നും പിന്നീട് ഇവ പൊളിച്ചുമാറ്റുന്നതിൽ തുടർനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ ഉൾപ്പെടെയുള്ള എതിർപ്പ് വന്നതിനാൽ സാധിച്ചിരുന്നില്ലെന്നും എതിർപ്പുകളെത്തുടർന്ന് അനധികൃത കെട്ടിട നിർമ്മാണ ഭാഗം പൊളിച്ചുമാറ്റണം എന്ന വ്യവസ്ഥ 23/11/2016 ലെ സ.ഉ. (സാധാ) നം 174/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തന്നെ റദ്ദാക്കിയിട്ടുണ്ടെന്നും ടിയാൻ ബോധിപ്പിച്ചു. കെട്ടിട നമ്പർ അനുവദിക്കുന്നതിൽ ടിയാൻ കാലതാമസം വരുത്തിയിട്ടില്ല എന്ന് പഞ്ചായത്തു ഡയറക്ടർ തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു.

ഇ.എം.എസ്. ഭവന വായ്പ പദ്ധതി പ്രകാരം ചട്ടവിരുദ്ധമായി സാമ്പത്തിക സഹായം കൈപ്പറ്റിയ 3 സ്വകാര്യ വ്യക്തികളിൽനിന്ന് തുക തിരികെ ഈടാക്കുന്നതിൽ വീഴ്ച വരുത്തിഎന്ന ആരോപണം സംബന്ധിച്ച് ഇ.എം.എസ്. ഭവന വായ്പ പദ്ധതി പ്രകാരം നിയമവിരുദ്ധമായി പണം കൈപ്പറ്റിയവരിൽനിന്ന് തുക ഈടാക്കുന്നത് സംബന്ധിച്ച് തീരുമാനമുണ്ടായിട്ടുള്ളത് 2010-11 കാലയളവിലാണെന്നും ടി പദ്ധതിയുടെ ചുമതല എൽ.വി.ഇ.ഒ-യ്ക്കായിരുന്നുവെന്നും താൻ 1/3/2012 ലാണ് ടി പഞ്ചായത്തിൽ ചുമതലയേറ്റതെന്നും ആഡിറ്റ് റിപ്പോർട്ട് ലഭിച്ച ഉടൻതന്നെ താൻ തുടർനടപടികൾക്കായി അത് എൽ.വി.ഇ.ഒ.യ്ക്ക് കൈമാറിയിരുന്നുവെന്നും അത് ടിയാൾ ഒപ്പിട്ട് കൈപ്പറ്റിയിരുന്നതാണെന്നും ടി തുക തിരികെ ഈടാക്കാനുള്ള നടപടികൾ എൽ.വി.ഇ.ഒ. ആഡിറ്റ് ഓഫീസറെ അറിയിച്ചിട്ടുള്ള കാര്യം ടി റിപ്പോർട്ടിൽതന്നെ പരാമർശിച്ചിട്ടുള്ളതാണെന്നും ടി ഗുണഭോക്താക്കളുടെ ഭാഗത്തുനിന്ന് തുക തിരികെ അടയ്ക്കുന്നത് സംബന്ധിച്ച അനുകൂല നടപടികൾ ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ ടിയാളുകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കാൻ എൽ.വി.ഇ.ഒ. പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നല്കുകയുണ്ടായി എന്നും എന്നാൽ ആയത് സംബന്ധിച്ച മറ്റു ഫയലുകളോ രേഖകളോ പഞ്ചായത്തിൽ ഹാജരാക്കിയിട്ടില്ലെന്നും ഓഫീസിൽ നടന്ന ഓഡിറ്റ് അദാലത്തിൽ ഇതു സംബന്ധിച്ച വിശദീകരണം നല്കണമെന്ന് കാണിച്ച് താൻ 9/6/14 ൽ ടിയാൾക്ക് കത്ത് നല്കിയിട്ടുള്ളതാണെന്നും തുടർന്ന് താൻ 8/7/14 ൽ ടി പഞ്ചായത്തിൽനിന്ന് സ്ഥലംമാറിപ്പോയിട്ടുള്ളതാണെന്നും ഇതു സംബന്ധിച്ച് തന്റെ ഭാഗത്തുനിന്ന് യാതൊരു വിധത്തിലുള്ള അനാസ്ഥയും സംഭവിച്ചിട്ടില്ലാത്തതാണെന്നും പുനഃപരിശോധനാ ഹർജിയിൽ ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

നേരിൽ കേട്ട വേളയിൽ ശ്രീ. സരോജാക്ഷൻ പിള്ള വെളിപ്പെടുത്തിയ വിവരങ്ങളുടെയും ഹാജരാക്കിയ രേഖകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റങ്ങളിൽ, അനധികൃത നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിച്ചില്ല, ഇ.എം.എസ്. ഭവന വായ്പ പദ്ധതി പ്രകാരം ചട്ടവിരുദ്ധമായി സാമ്പത്തിക സഹായം കൈപ്പറ്റിയ 3 സ്വകാര്യ വ്യക്തികളിൽനിന്ന് തുക തിരികെ ഈടാക്കുന്നതിൽ വീഴ്ച വരുത്തി എന്നിവയിലാണ് ടിയാനെ കുറ്റക്കാരനായി കണ്ടെത്തിയിരുന്നത്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മിച്ചിട്ടുള്ള 100 സ്ക്വയർ മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്, വാട്ടർ കണക്ഷൻ, തിരിച്ചറിയൽ കാർഡ് എന്നിവ ലഭിക്കുന്നതിനായി താല്ക്കാലിക നമ്പർ നല്കുന്നതിനായി 04.6.2012-ൽ സ.ഉ.(എം.എസ്.) 149/12/ തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ടി ഉത്തരവിൽ നമ്പർ അനുവദിച്ച് കഴിഞ്ഞാൽ അനധികൃതമായി നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു എങ്കിലും എതിർപ്പുകളെത്തുടർന്ന് അനധികൃത കെട്ടിട നിർമ്മാണ ഭാഗം

പൊളിച്ചുമാറ്റണം എന്ന വ്യവസ്ഥ 23.11.2016-ലെ സ.ഉ. (സാധാ) നം. 174/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തന്നെ റദ്ദാക്കിയിട്ടുണ്ടെന്നും ബോധിപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ ടിയാൻ സമയബന്ധിതമായി നടപടിസ്വീകരിച്ചിരുന്നില്ല എന്നുള്ളത് വലിയ ഒരു കുറ്റമായി കാണുവാൻ സാധിക്കുകയില്ല. ഇ.എം.എസ്. ഭവന വായ്പ്പ പദ്ധതി പ്രകാരം ചട്ടവിരുദ്ധമായി സാമ്പത്തിക സഹായം കൈപ്പറ്റിയ 3 സ്വകാര്യ വ്യക്തികളിൽനിന്ന് തുക തിരികെ ഈടാക്കുന്നതിൽ വീഴ്ച വരുത്തി എന്ന ആരോപണത്തിന്മേൽ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2010-2011, 2011-2012 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 20.03.2013-ലാണ് പഞ്ചായത്തിൽ ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങളിന്മേൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് 02.04.2013-ൽ നല്കിയതായും ഇത് സംബന്ധിച്ച ഓർമ്മക്കുറിപ്പുകൾ 29.10.2013, 09.06.2014 എന്നീ തീയതികളിൽ നല്കിയിട്ടുള്ളതായി ടിയാൻ സമർപ്പിച്ച രേഖകളിൽ നിന്നും മനസ്സിലാകുന്നു. ഈ സാഹചര്യത്തിൽ ടിയാൻ നടപടി സ്വീകരിച്ചില്ല എന്നു പറയുവാൻ സാധിക്കില്ല. എന്നാൽ എൽ.വി.ഇ.ഒ.യുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച ടിയാൻ സമയബന്ധിതമായി മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതായിരുന്നു. എങ്കിലും മേൽ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ ശ്രീ. സരോജാക്ഷൻ പിള്ളയ്ക്ക് നൽകിയ ശിക്ഷയായ 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തോടെയല്ലാതെ 3 വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടുള്ള നടപടി ടിയാൻ ചെയ്ത കുറ്റത്തിനു ആനുപാതികമാണ് എന്ന് തോന്നുന്നില്ല. ഈ സാഹചര്യത്തിൽ ശ്രീ. ബി. സരോജാക്ഷൻ പിള്ളയ്ക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിൽ ഇളവ് വരുത്തി 1 വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ 2 വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് ടിയാൻ സമർപ്പിച്ച പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ബി. സരോജാക്ഷൻ പിള്ള, സെക്രട്ടറി, തൊടിയൂർ ഗ്രാമപഞ്ചായത്ത്
   (മുൻ സെക്രട്ടറി, പെരിനാട് ഗ്രാമപഞ്ചായത്ത്)
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/97/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ